**malayala manorama daily newspaper**

**Date 08 - 09 - 08**

# ഹജ് ക്വോട്ട കൂട്ടാൻ സൗദി തീരുമാനിച്ചു

ന്യൂഡൽഹി: ഇന്ത്യയുടെ ഹജ് ക്വോട്ട വർധിപ്പിക്കുന്നതിനു സൗദി അറേബ്യ തത്വത്തിൽ തീരുമാനിച്ചതായറിയുന്നു. പതിനായിരക്കണക്കിനു തീർഥാടകർക്കു ഹജ് കർമത്തിൽ പങ്കെടുക്കാൻ കഴിയാത്ത സാഹചര്യത്തിൽ ക്വോട്ട വർധിപ്പിക്കണമെന്ന് ഇന്ത്യ അഭ്യർഥിച്ചിരുന്നു.

സർക്കാർ സബ്സിഡിയോടെ രാജ്യത്തുനിന്ന് 110000 തീർഥാടകർക്കാണു ഹജ് തീർഥാടനത്തിന് അനുമതി ലഭിക്കുന്നത്. സ്വകാര്യ ഓപ്പറേറ്റർമാർ മുഖേന 47000 പേർ കൂടി ഹജ് കർമം നടത്തുന്നു. ഇതിനുശേഷവും 160000 പേർ കാത്തിരിപ്പു പട്ടികയിലുണ്ടെന്നു വിദേശ സഹമന്ത്രി ഇ. അഹമ്മദ് സൗദി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ഇന്തൊനീഷ്യ കഴിഞ്ഞാൽ ലോകത്ത് ഏറ്റവുമധികം മുസ്ലിം ജനസംഖ്യയുള്ള രാജ്യമാണ് ഇന്ത്യ.

വർധിപ്പിക്കുന്ന ക്വോട്ട കേന്ദ്ര ഹജ് കമ്മിറ്റി മുഖേന വിതരണം ചെയ്യാനാണ് ആലോചിക്കുന്നത്. വർധന എത്രയെന്ന് അറിവായിട്ടില്ല.